# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാലക്കുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.ഇ.കെ.എം./പി.9/130/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാലക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 2-1 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.ഇ.കെ.എം./പി.9/130/22 തീയ്യതി: 03/07/2022

## എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷാജിമോൻ കെ.എ. | ഡെപ്യൂട്ടി ഡയറക്ടർ | 10-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. റസിയബീവി ജെ.,ഓഡിറ്റ് ഓഫീസർ
2. റഷീദ് സി.എം.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ബബിത ബി.കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. സ്വപ്ന വി.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോഷി സ്കറിയ | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| ജയ.കെ.എ | പ്രസിഡന്റ് | 25-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോർജ്.കെ.എം | സെക്രട്ടറി | 01-04-2020 | 05-01-2021 |
| പരമേശ്വരൻ ഉണ്ണി.എൻ | സെക്രട്ടറി -ഇൻ -ചാർജ് | 06-01-2021 | 13-01-2021 |
| പ്രീതി.എം.ബി | സെക്രട്ടറി | 14-01-2021 | 02-03-2021 |
| പരമേശ്വരൻ ഉണ്ണി.എൻ | സെക്രട്ടറി -ഇൻ -ചാർജ് | 03-03-2021 | 10-03-2021 |
| ജിത.എം.നായർ | സെക്രട്ടറി -ഇൻ -ചാർജ് | 10-03-2021 | 31-03-2021 |
| ടെസ്സിമോൾ.സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 30-05-2020 |
| ഒഴിവ് | . | 31-05-2020 | 17-06-2020 |
| പരമേശ്വരൻ ഉണ്ണി.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 18-06-2020 | 31-03-2021 |
| ധർമകീർത്തി.പി.പി | അസിസ്റ്റന്റ് എൻജിനിയർ | 01-04-2020 | 31-03-2021 |
| പ്രിയദർശിനി.പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| രാജേഷ്.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,പാലക്കുഴ | 01-04-2020 | 09-09-2020 |
| മഞ്ജുഷ് ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10-09-2020 | 31-03-2021 |
| ഡോ.ഗിരിഷ്.ജി | മെഡിക്കൽ ഓഫീസർ ,പിഎച്ച്സി | 01-04-2020 | 31-03-2021 |
| ഡോ.ദീപ്തി.കെ.എച്ച് | ഹോമിയോ മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജോമി ജോസഫ് | ആയുർവേദ മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ഷീന ജോസഫ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| സീന ജോർജ് | ഹെഡ്മിസ്ട്രസ്സ് , ഗവ.യുപിഎസ്,ഉപ്പുകണ്ടം | 01-04-2020 | 16-06-2020 |
| ലിജി സൈമൺ | ഹെഡ്മിസ്ട്രസ്സ് , ഗവ.യുപിഎസ്,ഉപ്പുകണ്ടം | 17-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| നിഷ.എം.കെ | ICDS സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| രാഗേഷ്.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

13.11.20 മുതൽ 24.12.20 വരെ അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റി ഭരണം.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ressiya Beevi J (Audit Officer, On 23-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Babitha B Kumar (Senior Grade Auditor, On 20-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 20-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Ressiya Beevi J (Audit Officer, On 23-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Babitha B Kumar (Senior Grade Auditor, On 15-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Ressiya Beevi J (Audit Officer, On 24-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ressiya Beevi J (Audit Officer, On 24-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Ressiya Beevi J (Audit Officer, On 24-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Ressiya Beevi J (Audit Officer, On 23-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Ressiya Beevi J (Audit Officer, On 28-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ressiya Beevi J (Audit Officer, On 24-01-2022)<br>Last Updated By: Asad N.E (Computer Assistant, On 03-07-2022) | 1-10 |
| 12 | ഗ്രാമസഭ<br>Written By: Ressiya Beevi J (Audit Officer, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-11 |
| 13 | ദുരിതാശ്വാസനിധി<br>Written By: Ressiya Beevi J (Audit Officer, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-12 |
| 14 | ദുരന്ത നിവാരണ കമ്മിറ്റി<br>Written By: Ressiya Beevi J (Audit Officer, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-13 |
| 15 | തൊഴിൽ നികുതി - ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Swapna.V (Auditor, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-14 |
| 16 | ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു<br>Written By: Swapna.V (Auditor, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-15 |
| 17 | കെട്ടിടം ക്രമവൽക്കരിച്ച് വസ്തു നികുതി ഈടാക്കിയിട്ടില്ല.<br>Written By: Swapna.V (Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 03-07-2022) | 1-16 |

| | | |
|---|---|---|
| 18 | തൊഴിലുറപ്പ് പദ്ധതി - ഷാർപ്പനിംഗ് ചാർജ് നൽകിയതിൽ അപാകത<br>Written By: C.M.Rasheed (Asst. Audit Officer, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 03-07-2022) | 1-17 |
| 19 | ഫയലുകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല<br>Written By: Swapna.V (Auditor, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-18 |
| 20 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.<br>Written By: Ressiya Beevi J (Audit Officer, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-19 |
| 21 | കുടിവെള്ളവിതരണം - അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 03-07-2022) | 1-20 |
| 22 | ജലനിധി പദ്ധതി -നടപടികൾ സ്വീകരിക്കണം<br>Written By: Babitha B Kumar (Senior Grade Auditor, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-21 |
| 23 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിൻമേൽ നടപടികൾ സ്വീകരിച്ചില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 03-07-2022) | 1-22 |
| 24 | കോവിഡ് പ്രതിരോധ പ്രവർത്തനം - അവലോകനം<br>Written By: C.M.Rasheed (Asst. Audit Officer, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-23 |
| 25 | ഓഡിറ്റ് ഇംപാക്ട്<br>Written By: Swapna.V (Auditor, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 1-24 |
| ഭാഗം **2** | | |
| 1 | കെട്ടിടം ക്രമവൽക്കരിച്ച് വസ്തു നികുതി ഈടാക്കിയിട്ടില്ല<br>Written By: Swapna.V (Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 03-07-2022) | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 17-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തിയുടെ വിവരങ്ങൾ<br>Written By: Raj N.C (Computer Assistant, On 23-06-2022)<br>Last Updated By: Raj N.C (Computer Assistant, On 23-06-2022) | 4-2 |
| 3 | സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Babitha B Kumar (Senior Grade Auditor, On 17-01-2022)<br>Last Updated By: Asad N.E (Computer Assistant, On 03-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 15-01-2022)<br>Last Updated By: Raj N.C (Computer Assistant, On 23-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Babitha B Kumar (Senior Grade Auditor, On 17-01-2022)<br>Last Updated By: Raj N.C (Computer Assistant, On 23-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Babitha B Kumar (Senior Grade Auditor, On 17-01-2022)<br>Last Updated By: Raj N.C (Computer Assistant, On 23-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Babitha B Kumar (Senior Grade Auditor, On 18-01-2022)<br>Last Updated By: Raj N.C (Computer Assistant, On 23-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |

| | | |
|---|---|---|
| | Written By: Babitha B Kumar (Senior Grade Auditor, On 18-01-2022)<br>Last Updated By: Raj N.C (Computer Assistant, On 23-06-2022) | |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 19-01-2022)<br>Last Updated By: Raj N.C (Computer Assistant, On 23-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ressiya Beevi J (Audit Officer, On 23-01-2022)<br>Last Updated By: Raj N.C (Computer Assistant, On 23-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 19-01-2022)<br>Last Updated By: Raj N.C (Computer Assistant, On 23-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 12.03.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 04.02.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| വരവ് | 14,80,57,000/- | 5,71,41,514/- |
| ചെലവ് | 15,78,78,696/- | 5,89,45,324/- |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ്-ചെലവും തമ്മിൽ വലിയ അന്തരം കാണുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ ഈ പൊരുത്തക്കേട് ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 30.06.2021 | 28.04.2021 |

### 1-2-1 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു :-

1) സചിത്ര സോഫ്റ്റ് വെയർ പ്രകാരമുള്ള ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ നവീകരണ ചെലവ് ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടില്ല.

2) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

3) സഞ്ചയ പ്രകാരമുള്ള കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 93,94,814 |
| വരവ് | 5,71,41,514 |
| ആകെ | 6,65,36,328 |
| ചെലവ് | 5,89,45,324 |
| നീക്കിയിരിപ്പ് | 75,91,004 |
| ചെലവ് നഷ്ടം | ഇല്ല |
| വരവ് നഷ്ടം | 12403 |
| തടസ്സപ്പെടുത്തിയ തുക | 42,900 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ ) | | 7487191 | 7487191 | 7327543 | | 159648 |
| വികസനഫണ്ട് - SCP | | 2050233 | 2050233 | 1801039 | | 249194 |
| വികസനഫണ്ട്-TSP | | 102453 | 102453 | 87000 | | 15453 |
| വികസനഫണ്ട്-CFC | | 5887480 | 5887480 | 4421501 | | 1465979 |
| വികസനഫണ്ട്-CFC-PBIG | | 3420000 | 3420000 | 2354420 | | 1065580 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | | 10488000 | 10488000 | 10487513 | | 487 |
| മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് | | 3456681 | 3456681 | 3456681 | | 0 |
| ദുരിതാശ്വാസനിധി - 311100101 | 3060 | 10734 | 13794 | 0 | 13794 | |
| ICDS - 320100121 | 1454397 | 428433 | 1882830 | 1068444 | 814386 | |
| NPRPD - 320100127 | 656182 | 0 | 656182 | 199902 | 456280 | |
| Solid Waste - 320100203 | 458431 | 0 | 458431 | 458431 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| Agriculture–Capital–320200201 | 500000 | 0 | 500000 | 0 | 500000 | |
| വിമുക്തി – 320200305 | 39090 | 0 | 39090 | 0 | 39090 | |
| ലൈബ്രറി – 320200308 | 0 | 16480 | 16480 | 16480 | 0 | |
| സാക്ഷരത – 320200309 | 2538 | 79 | 2617 | 0 | 2617 | |
| ശുചിത്വമിഷൻ – 320200322 | 0 | 2042063 | 2042063 | 260000 | 1782063 | |
| ജലനിധി – 320300102 | 1412258 | 365031 | 1777289 | 388174 | 1389115 | |
| Total Sanitation Campaign 320300103 | 553200 | 0 | 553200 | 553200 | 0 | |

G O പ്രൊജക്ടുകളുടെ ചെലവ്

വികസനഫണ്ട് (ജനറൽ) – 12,72,059 /-

വികസനഫണ്ട് (SCP) – 1,31,961 /-

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 166 | 9,55,40,089 | 131 | 4,63,93,307 | 22 | 13 | 78.91 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,76,457 | 9,02,432 | 1178889 | 11,76,180 | 2,709 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,97,52,281 | 1,97,52,281 | 1,97,52,281 | 0 |
| ആകെ | 2,76,457 | 2,06,54,713 | 2,09,31,170 | 2,09,28,461 | 2,709 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | ഇല്ല |
| കർഷകത്തൊഴിലാളി പെൻഷൻ | 35,89,200 | 231 |
| വിധവാപെൻഷൻ | 77,83,600 | 506 |
| വാർദ്ധക്യകാല പെൻഷൻ | 2,03,62,000 | 1427 |
| വികലാംഗ പെൻഷൻ | 24,27,600 | 163 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 9,02,200 | 59 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.01.2022 തീയതിയിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 17,322/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമപഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.07.2019, 25.7.2019 | 01.06.2019-30.6.2019 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2014-01.03.2014 | 2008-09 മുതൽ 2012-13 വരെ | 15.05.2014 |

## 1-11 ഗ്രാമസഭ

2020-21 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടുന്നതിന് സാധിച്ചിട്ടില്ല. 2021-22 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ഗ്രാമസഭ മാത്രമാണ് ചേർന്നിട്ടുള്ളത്. 2020-21 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിനുള്ള സാധൂകരണവും ഈ ഗ്രാമസഭയിൽ വച്ചാണ് നടന്നിട്ടുള്ളത്.

## 1-12 ദുരിതാശ്വാസനിധി

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ആയത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ അത്തരത്തിലൊരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിലെ വരവ് ചെലവ് കണക്കുകൾ താഴെച്ചേർക്കുന്നു :-

| മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 3,060/- | 10,734/- | 13,794/- | 0 | 13,794/- |

2020-21 വർഷത്തെ അക്കൗണ്ടിലെ മുന്നിരിപ്പ് 3,060/- രൂപയുംവരവ് 10,734/-രൂപയും നീക്കിയിരിപ്പ് 13,794/-രൂപയുമാണ്. ഓഡിറ്റ് വർഷം ചെലവ് ഒന്നുമില്ല. പകർച്ച വ്യാധികളും ദുരന്തങ്ങളും അനുദിനം വർദ്ധിച്ച് കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അശരണരായ ജനങ്ങൾക്ക് പഞ്ചായത്ത് വഴി നല്കുന്ന ചെറിയ സഹായം പോലും വലിയ മുതൽക്കൂട്ടാവുന്നതാണ്. ദുരിതാശ്വാസനിധി വഴി പഞ്ചായത്തിലെ ദുരിതമനുഭവിക്കുന്ന ഒട്ടനവധി കുടുംബങ്ങൾക്ക് സഹായം കൊടുക്കാൻ സാധിക്കും. എന്നാൽ ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല. ധനശേഖരണാർത്ഥമുള്ള കലാ-കായിക-വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. അപ്രകാരം ധനം സ്വരൂപിക്കുന്നതിന് നിർബന്ധങ്ങൾ ചെലുത്തുകയോ അധികാര ദുർവിനിയോഗം ചെയ്യുകയോ പഞ്ചായത്തിന് ലഭിക്കേണ്ട ഏതെങ്കിലും വരുമാനം ഇല്ലാതാക്കുകയോ ചെയ്യാൻ പാടുള്ളതല്ല. നിധിയിലേക്ക് ഗ്രാമപഞ്ചായത്തിന്റെ ഏതെങ്കിലും ഫണ്ടിൽ നിന്നോ സർക്കാരിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിച്ച ഏതെങ്കിലും ഗ്രാന്റിൽ നിന്നോ തുക കൈമാറ്റം ചെയ്യാനും പാടില്ല. നിധിയിലേക്ക് നല്കുന്ന സംഭാവനകൾക്ക് സെക്രട്ടറിയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പിട്ട രസീത് നല്കേണ്ടതും അത് അച്ചടിച്ച ഫോറത്തിൽ ആയിരിക്കേണ്ടതുമാണ്. ദുരിതാശ്വാസനിധിയിലെ വരവ് വർദ്ധിപ്പിക്കാനും അർഹതപ്പെട്ടവർക്ക് ആനുകൂല്യം നല്കാനും ശ്രമിക്കേണ്ടതാണ്.

## 1-13 ദുരന്ത നിവാരണ കമ്മിറ്റി

കേരള സർക്കാരിന്റെ 20.2.2018ലെ ഉത്തരവ് നം.ഡി.എ.1/523/2017 തസ്വഭവ.(ഡി.എ) വകുപ്പ്, തിരുവനന്തപുരം നിർദ്ദേശാനുസരണം പാലക്കുഴ ഗ്രാമപഞ്ചായത്തിൽ ദുരന്ത നിവാരണ കമ്മിറ്റി (Disaster Management Committee) രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ വളരെ നല്ല രീതിയിൽ തന്നെ ദുരന്ത നിവാരണ കമ്മിറ്റി പ്രവർത്തനം നടത്തുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് സജീവമായ വിലയിരുത്തലുകളും, ഇടപെടലുകളും നടത്തുന്നത് അഭികാമ്യമായിരിക്കും.ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ കമ്മിറ്റി അംഗങ്ങൾ സജീവമായി പ്രവർത്തിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി - ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2020-21 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധ വർഷങ്ങളിലേയും) തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു:-

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | എ.കെ ജോയി ,അരിക്കാപ്പിള്ളിൽ<br>മേരി മാതാ സിമന്റ് ബ്രിക്സ് | 82 | 4 |

| | | | |
|---|---|---|---|
| 2 | ടോം ജോർജ്,കീപ്പാറയിൽ മെറ്റൽ ക്രഷർ | 1 | 8 (രണ്ടാം അർദ്ധവർഷത്തെ ഈടാക്കിയിട്ടുണ്ട്) |
| 3 | എ.ജെ ബാബു,അരിക്കീപ്പിള്ളിൽ/ മെറ്റൽ ക്രഷർ | 81 | 4 |
| 4 | സിൽവസ്റ്റർ ജോസഫ് ,തെങ്ങും ചേരിൽ എൽ.ഇ.ഡി ഡിസ്‌പ്ലെ പാനൽ അസംബ്ലിംഗ് | 137 | 7 |
| 5 | സജീവ് മാത്യൂ , യുണൈറ്റഡ് മെറ്റൽസ് , കരിമ്പന ,ക്വാറി | 2 | 20 |
| 6 | സാബു വർഗ്ഗീസ്, കോരങ്ങേലി തടത്തിൽ, കരിങ്കല്ല് ഖനനം | 6 | 9 |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/13.1.2022 ) ലഭ്യമായ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. മുകളിൽ കൊടുത്തിരിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-15 ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ ലൈസൻസ് പുതുക്കി ഫീസ് ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് /മൂലധന നിക്ഷേപം | സ്ഥാപനം നടത്തുന്നതിന്റെ ഉദ്ദേശ്യം |
|---|---|---|
| 1 | അതുൽ പി. ബേസിൽ രാജ്, പാട്ടുപാളായിൽ /28.88 ലക്ഷം രൂപ | ആയുർവേദ മരുന്നു നിർമ്മാണം , വിൽപ്പന |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/13.1.2022) മറുപടി ലഭ്യമായിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കിയിട്ടില്ലെങ്കിൽ ആയത് പുതുക്കി ലൈസൻസ് ഫീസ് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-16 കെട്ടിടം ക്രമവൽക്കരിച്ച് വസ്തു നികുതി ഈടാക്കിയിട്ടില്ല.

സഞ്ചയ വസ്തു നികുതി നിർണ്ണയ സ്റ്റേറ്റ്മെന്റിലെ ഫോം നം. 6 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാമധേനു ആയുർവേദ ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന് 2013-14 സാമ്പത്തിക വർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് 285 ച.മീ വിസ്തീർണ്ണത്തിനാണ്. കൂടാതെ ടി കെട്ടിടത്തിന് വസ്തു നികുതി ഈടാക്കിയിരിക്കുന്നത് 100ച.മീ. വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗക്രമ പ്രകാരമുള്ള 30/- രൂപ നിരക്കിലുമാണ്. 2019-20 സാമ്പത്തിക വർഷത്തിൽ 1.6.2019 തീയതിയിൽ സമർപ്പിച്ച അപേക്ഷാ നം. A3-1454/19 പ്രകാരമുള്ള എക്സ്റ്റെൻഷൻ പ്ലാനിൽ നിലവിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം 466.30 ച.മീ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ടി സ്ഥാപനത്തിന്റെ വിസ്തീർണ്ണം ക്രമവൽക്കരിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :-

| കെട്ടിട ഉടമ/ കെട്ടിട നം./സ്ഥാപനത്തിന്റെ പേര് / | വസ്തു നികുതി നിർണ്ണയിക്കേണ്ട കെട്ടിട വിസ്തീർണ്ണം (ച.മീ) | വസ്തു നികുതി നിർണ്ണയിച്ച കെട്ടിട വിസ്തീർണ്ണം (ച.മീ) /ഈടാക്കിയ വസ്തു നികുതി (ബാധകമായ ഇളവ്,വർദ്ധനവ്, ഗ്രന്ഥശാല വരി എന്നിവ കുറച്ച്) /രസീതു നം /തീയതി (ച.മീറ്ററിന് 30/-നിരക്കിൽ) | ഈടാക്കേണ്ട വസ്തു നികുതി (ബാധകമായ ഇളവ്, വർദ്ധനവ്, ഗ്രന്ഥശാല വരി എന്നിവ കുറച്ച്) / (ച.മീറ്ററിന് 50/- രൂപ നിരക്കിൽ) | വസ്തു നികുതി ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|
| ജെസ്സി ബേബി പാട്ടുപാളായിൽ, കരിമ്പന, 294/A/ കാമധേനു ആയുർവേദ ഫാർമസ്യൂട്ടി ക്കൽസ് | 466.30 | 285ച.മീ , 7182/- (285 X 30) (11903010068/12.4.19) (വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗ ക്രമം ) | 19585/- (466.30 X 50) (വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗ ക്രമം ) | 12,403/- |
| ആകെ ഈടാക്കേണ്ടത് | | | | 12,403/- |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/20.1.2022) മറുപടി ലഭ്യമായിട്ടില്ല. മേൽ സ്ഥാപനത്തിൽ നിന്നും 2020-21സാമ്പത്തിക വർഷത്തിൽ വസ്തു നികുതി ഈടാക്കിയതിൽ കുറവു വന്ന തുകയായ 12,403/-രൂപ ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-17 തൊഴിലുറപ്പ് പദ്ധതി - ഷാർപ്പനിംഗ് ചാർജ് നൽകിയതിൽ അപാകത

ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ വർക്കുകളിൽ സാധനങ്ങൾ വിതരണം ചെയ്ത കരാറുകാർക്ക് തുക നൽകിയതിൽ അപാകത സംഭവിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ പണിയുപകരണങ്ങൾ കൊണ്ടു വരുന്ന തൊഴിലാളികൾക്ക് ഷാർപ്പനിംഗ് ചാർജ് നൽകാം. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഷാർപ്പനിംഗ് ചാർജ് നൽകിയിരിക്കുന്നത് മെറ്റീരിയലുകൾ വിതരണം ചെയ്ത കരാറുകാർക്കാണ്. വിശദ വിവരം താഴെ ചേർക്കുന്നു:-

| ക്രമ നം | പ്രവൃത്തിയുടെ പേര്/ വർക്ക് കോഡ് | കരാറുകാരന്റെ പേര് / അക്കൗണ്ട് നം | എം ബുക്ക് നമ്പർ | അനുവദിച്ച ഷാർപ്പനിംഗ് ചാർജ് |
|---|---|---|---|---|
| 1 | നെല്ലിമല പുത്തൻ പുരക്കൽ നടപ്പാത കോൺക്രീറ്റിംഗ് 1608009003/RC/300493 | ജിത്തു ജോയ് , 55350100002917 സ്റ്റേറ്റ് ബാങ്ക് ഓഫ് ബറോഡ | 5/2020-21/MY | 508/- |
| 2 | മാരാംകണ്ടം തോമ്പിക്കോട് ഭാഗം നടപ്പാത കോൺക്രീറ്റിംഗ് 1608009003/RC/299450 | എ ജെ ബാബു, 57027357186 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 58/2020-21/MY | 1,058/- |

അപാകത സംബന്ധിച്ച് 17.01.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി(നം.7)ക്ക് നൽകിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്. തൊഴിലാളികൾക്ക് നൽകേണ്ട ഷാർപ്പനിംഗ് ചാർജ് കരാറുകാരന് നൽകിയത് സംബന്ധിച്ച് വിശദീകരണം ചോദിച്ചതിന് കരാറുകാരനാണ് പണിയായുധങ്ങൾ കൊണ്ടു വന്നത് എന്നും തൊഴിലാളികളുടെ പക്കൽ റോഡ് കോൺക്രീറ്റിഗിനാവശ്യമായ പണിയായുധങ്ങൾ ഇല്ലായിരുന്നു എന്നും അറിയിച്ചു. ഷാർപ്പനിംഗ് ചാർജ് നൽകിയതിലെ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-18 ഫയലുകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രിക പ്രകാരം ലേലയിനത്തിൽ (RP -5-sale&Higher Charges) അക്കൌണ്ട് ഹെഡ് 150120103 -സെയിൽ ഓഫ് സ്ക്രാപ്പ് ) 20,000/-രൂപ വരവുണ്ട്. ആയതിന്റെ ഫയലുകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(12/20.01.2022) മറുപടി ലഭ്യമായിട്ടില്ല. ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-19 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസിസ്റ്റന്റ് എഞ്ചിനീയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി. തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്. ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-20 കുടിവെള്ളവിതരണം - അപാകതകൾ

ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തതിന് മിഥുൻ മാത്യു എന്ന വ്യക്തിക്ക് തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| വിതരണവിവരം | തുക | വൗച്ചർ നം., തീയതി |
|---|---|---|
| 28.03.20മുതൽ30.05.20 വരെ(47 ദിവസം) | 42900/- {DA-47 ദിവസം @ 400/-= 18800/-, വാട്ടർ ചാർജ് - 241 ലോഡ് @ 100/- =24100/- (ആകെ 42900/-)} | 22000271 / 03.07.20 |

ഇതിൽ താഴെ പറയുന്ന അപാകതകളുണ്ട്:-

1) കുടിവെള്ളം വിതരണം നടത്തുന്നതിന് ടെണ്ടർ ക്ഷണിക്കുകയോ കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല.

2) വിതരണം ചെയ്ത വെള്ളം നിറച്ചത് എവിടെ നിന്നാണെന്ന് രേഖപ്പെടുത്തിയിട്ടില്ല .

3)വിതരണക്കാരനായ മിഥുൻ മാത്യുവിന്റെ ലൈസൻസിന്റെ പകർപ്പിനുപകരം ജേക്കബ് മാത്യു എന്നയാളുടെ ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പാണ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത് .

4)അബ്ദുൾ മനാഫ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള MGV-Tipper വാഹനത്തിന്റെ RC യുടെ പകർപ്പാണ് ഹാജരാക്കിയിട്ടുള്ളത് .

5)കിലോമീറ്റർ അടിസ്ഥാനത്തിലല്ല ജലവിതരണത്തിനുള്ള തുക നല്കിയിട്ടുള്ളത് .കുടിവെള്ളം വിതരണം

ചെയ്യുന്ന വ്യക്തി ഹാജരാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലോഡുകളുടെ എണ്ണത്തിനനുസരിച്ചാണ് നല്കിയിട്ടുള്ളത് .

6) ജിപിഎസ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല .

7)വാഹനത്തിന്റെ ഡ്രൈവർക്ക് DA അനുവദിച്ചതിലെ ഉദ്ദേശ്യം വ്യക്തമല്ല .

കുടിവെള്ളം എത്തിക്കുന്നതിന് ആവശ്യമായ ടാങ്കർ വാടകയും ഇന്ധനചെലവും പഞ്ചായത്തിൽ പ്രവൃത്തിക്കുന്ന ക്വാറി/ക്രഷർ യൂണിറ്റുകൾ അവരുടെ സാമൂഹികപ്രതിബദ്ധതാഫണ്ടിൽ നിന്നും നല്കുന്നതാണെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് പ്രതിദിനം 400 /-രൂപയും ഒരു ലോഡ് വെള്ളത്തിന് (4000ലിറ്റർ )100 /- രൂപ പ്രകാരവും പഞ്ചായത്ത് ഫണ്ടിൽ നിന്നും നല്കേണ്ടതുള്ളൂ എന്ന് നിശ്ചയിച്ചാണ് മുകളിൽ പറഞ്ഞ പ്രകാരം തുക നല്കിയിട്ടുള്ളത് .(22.06.20 ലെ കമ്മിറ്റി തീരുമാനം നം. 20/5).ഏറെ ദൂരമുള്ള വാട്ടർ അതോറിറ്റിയുടെ ഫില്ലിംഗ് സ്റ്റേഷനിൽ നിന്നും വെള്ളമെടുക്കുന്നത് പ്രായോഗികമല്ലെന്നും ദുർവ്യയം വരുത്തുന്നതുമാണെന്ന് വിലയിരുത്തുകയും മുൻവർഷങ്ങളിൽ ചെയ്ത പോലെ ജലലഭ്യത കൂടുതലുള്ള പഞ്ചായത്തിലുള്ള സ്വാഭാവിക കിണറുകളിൽ നിന്നും ആവശ്യമായ കുടിവെള്ളം എടുക്കുന്നതിനും ഇടുങ്ങിയ സ്ഥലങ്ങളുൾപ്പടെ എല്ലായിടത്തും എത്തേണ്ടതുള്ളതിനാൽ 4000 ലിറ്റർ ശേഷിയുള്ള ടാങ്കർ വിതരണത്തിനുപയോഗിക്കുന്നതിനും 2019-20 സാമ്പത്തികവർഷം എടുത്ത കമ്മിറ്റിതീരുമാനം വൗച്ചറിനൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് . ഈ തീരുമാനത്തിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് PHCയുടെ ആരോഗ്യവിഭാഗത്തെ ചുമതലപ്പെടുത്തുന്നതിനും വിതരണം മോണിട്ടർ ചെയ്യുന്നതിനും പരാമർശങ്ങളുണ്ട് .

കുടിവെള്ളവിതരണത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് എൻക്വയറി (നം.5,14.05.22) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തദ്ദേശസ്വയംഭരണ(എഫ്.എം)വകുപ്പിന്റെ 27/02/2020ലെ 494/2020/ത.സ്വ.ഭവ ഉത്തരവിൽ സംസ്ഥാനദുരന്തനിവാരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 787/2017/DMD 23/02/2017പ്രകാരമുള്ള മാർഗ്ഗനിർദ്ദേശ പ്രകാരമാണ് കുടിവെള്ള വിതരണം നടത്തേണ്ടതെന്നും എല്ലാ തദ്ദേശസ്ഥാപനമേധാവികളും ഈ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 4(g) പ്രകാരം കിലോമീറ്റർ അടിസ്ഥാനത്തിൽ, ജില്ലാതലത്തിൽ നിർണ്ണയിക്കുന്ന നിരക്ക് പ്രകാരമാണ് ജലവിതരണം നടത്തേണ്ടത്. ജില്ലാ തല നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം സാധിക്കുന്ന സാഹചര്യത്തിൽ മാത്രം പഞ്ചായത്തുകൾക്ക് ടാങ്കറുകളിൽ ജലവിതരണം നടത്താവുന്നതാണ്. മാർഗ്ഗനിർദ്ദേശം ഖണ്ഡിക 4(g) പ്രകാരം ജി.പി.എസ് ഘടിപ്പിച്ച കുടിവെള്ള ടാങ്കറിൽ മാത്രമാണ് ജലവിതരണം നടത്തേണ്ടത്. കുടിവെള്ള വിതരണത്തിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനാണ് ജി.പി.എസ് ഘടിപ്പിച്ച വാഹനത്തിൽ മാത്രം കുടിവെള്ള വിതരണം എന്ന മാനദണ്ഡം നിശ്ചയിച്ചത്. ഉത്തരവിലെ ഖണ്ഡിക 4(i) പ്രകാരം ജി.പി.എസ് ലോഗും കരാറുകാരന് ഹാജരാക്കുന്ന ട്രിപ്പ് ഷീറ്റും ഒത്തുനോക്കിയാണ് കരാറുകാരന് തുക അനുവദിക്കേണ്ടത്. സർക്കാർ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് കുടിവെള്ള വിതരണത്തിന് തുക ചെലവഴിച്ചിട്ടുള്ളത്. രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും എൻക്വയറിക്ക് മറുപടി നൽകാതിരുന്നതിനാലും തനത് ഫണ്ടിൽ നിന്നും ഈയിനത്തിൽ ചെലവഴിച്ച 42,900/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 ജലനിധി പദ്ധതി -നടപടികൾ സ്വീകരിക്കണം

ജലനിധി പദ്ധതിക്ക് വേണ്ടി സർക്കാർ വിഹിതമായ 3,23,438/- രൂപ പൊടിപാറ വികസനസമിതിയുടെ കുടിവെള്ള നവീകരണത്തിനായി വൗച്ചർ നം.22000527 / 07.10.20 പ്രകാരം കൈമാറിയിട്ടുണ്ട് .സർക്കാർ വിഹിതത്തിന്റെ ആനുപാതികമായ (20 %) പഞ്ചായത്ത് വിഹിതം 64688 /- രൂപയും സമിതിക്ക് വൗച്ചർ നം.22000533 / 12.10.20 പ്രകാരം കൈമാറിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട്, പഞ്ചായത്തിൽ ഭരണാനുമതി ലഭിച്ചതും Kerala Rural Water Supply & Sanitation Agency (KRWSA) ന്റെ സാങ്കേതികാനുമതി ലഭിച്ചതുമായ കുടിവെള്ള നവീകരണ പദ്ധതികളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ച് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെയും വിവരം ഹാജരാക്കിയിട്ടില്ല. 8,62,500/- രൂപ അടങ്കലിന്റെ സാങ്കേതികാനുമതിയുള്ള പൊടിപാറ കുടിവെള്ള നവീകരണ പദ്ധതിക്ക് സംസ്ഥാന സർക്കാർ വിഹിതം 75 ശതമാനം (6,46,875/-രൂപ), ഗ്രാമപഞ്ചായത്ത് വിഹിതം 15 ശതമാനം (1,29,375/-രൂപ) ഗുണഭോക്തൃവിഹിതം 10 ശതമാനം (86,250/- രൂപ) എന്നിങ്ങനെയാണ് തുക നിശ്ചയിച്ചിട്ടുള്ളത് . ഇതിൽ സർക്കാർ ധനസഹായത്തിന്റെ ആദ്യഗഡുവായ 3,23,438/- രൂപയും പഞ്ചായത്ത് വിഹിതത്തിന്റെ ആദ്യഗഡുവായ 64,688/- രൂപയുമാണ് ഓഡിറ്റ് വർഷം സമിതിക്ക് കൈമാറിയിട്ടുള്ളത്. KRWSAയുടെ റീജിയണൽ പ്രൊജക്ട് ഡയറക്ടറുടെ 01.06.2020ലെ KRWSA-IDK/31/2020-TA1-1 നം. ഉത്തരവ് പ്രകാരം സമിതിക്ക് തുക കൈമാറുന്നതിനുമുമ്പ് ഗുണഭോക്തൃവിഹിതം സമിതിയുടെ അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇങ്ങനെ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. പദ്ധതി ഏത് ഘട്ടത്തിലാണെന്നോ പൂർത്തീകരിച്ചിട്ടുണ്ടോ മുതലായ വിവരങ്ങളും ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.9 / 19.01.22) മറുപടി ഹാജരാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും ഇല്ലായെങ്കിൽ KRWSA, ഗ്രാമപഞ്ചായത്ത്, വികസനസമിതി എന്നിവർ ഉൾപ്പെട്ടിട്ടുള്ള Tripartite Agreement ന്റെ കാലാവധി പ്രവൃത്തി പൂർത്തീകരിക്കുന്നതുവരെ ദീർഘിപ്പിക്കേണ്ടതുമാണ്.

## 1-22 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിൻമേൽ നടപടികൾ സ്വീകരിച്ചില്ല

താഴെ പറയുന്ന ഡെപ്പോസിറ്റുകളിൽ കാലാവധി കഴിഞ്ഞ തുകകൾ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിലനിൽക്കുന്നുണ്ട്.

| ക്രമ നം. | ഡെപ്പോസിറ്റ് | തുക | ലഭിച്ച കാലയളവ് |
|---|---|---|---|
| 1 | Contractors EMD | 132485 /- | 13.02.98 – 22.08.15 |

| | | | |
|---|---|---|---|
| 2 | Contractors Security Deposit | 51305 /- | 13.02.98 – 20.03.15 |
| 3 | Suppliers EMD | 38519 /- | 29.03.01 – 03.03.16 |
| 4 | Bidders EMD | 1500 /- | 03.03.05 – 20.02.15 |

കേരള ഫിനാൻഷ്യൽ കോഡ് വോല്യം 1 ആർട്ടിക്കിൾ 282 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 79 പ്രകാരവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിനു ശേഷം സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് തിരിച്ചെഴുതേണ്ടതാണ് എന്ന് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. 14.01.20 ലെ തദ്ദേശസ്വയംഭരണ (എ സി ) വകുപ്പ് ന്റെ സർക്കാർ ഉത്തരവ് നം.എ സി 1 / 125 / 2019 -തസ്വഭവ ഉത്തരവ് പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി വിവിധ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ ഓരോന്നിന്റെയും കാലാവധി മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ അതത് സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടിട്ടുണ്ട്. ഇത് കൃത്യമായി ഉറപ്പ് വരുത്തതിനാവശ്യമായ സജ്ജീകരണവും ക്രമീകരണവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാർ ചെയ്യേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി തുകകൾ റീഫണ്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.10, 19.01.22) മറുപടി ഹാജരാക്കിയില്ല .കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-23 കോവിഡ് പ്രതിരോധ പ്രവർത്തനം - അവലോകനം

ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

1) പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നല്കി നിയമിച്ചിട്ടുണ്ട്. എന്നാൽ വിശദ വിവരം ലഭ്യമാക്കിയില്ല.

2) പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ട്.

3) ഗുരുതര രോഗം ബാധിച്ചവരുടെ പരിചരണത്തിനായി (വൃക്ക രോഗ ബാധിതർ, അർബുദ രോഗികൾ) പൊതുവിഭാഗം വികസന ഫണ്ട്, റോഡിതര മെയിന്റനസ് ഫണ്ട്, തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് മരുന്ന് വാങ്ങുന്നതിന് സുലേഖ വഴി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

4) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തനായി മോണിറ്ററിംങ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ തൃപ്തികരമായി നടക്കുന്നുണ്ട്.

5) ഫസ്റ്റ് ബെൽ പഠന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല.

6) എഫ്.എൽ.ടി.സി.കൾ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ട ഭൗതിക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. എന്നാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

7) പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചു.

8) സംഭാവനയിനത്തിൽ പഞ്ചായത്തിൽ തുകയൊന്നും ലഭിച്ചില്ല.

9) വാർഡുതലത്തിൽ ആവശ്യമായ എണ്ണം പൾസ് ഓക്സിമീറ്ററുകൾ ലഭിച്ചിട്ടുണ്ട്. 13 വാർഡുകളിൽ ഓരോന്ന് വീതം അനുവദിച്ചു.

10) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഡി ഡി പി വഴി 1,00,000/- രൂപ ലഭിച്ചിട്ടുണ്ട്.ആയത് നോഡൽ ഓഫീസറുടേയും പഞ്ചായത്ത് പ്രസിഡന്റിന്റേയും പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചു,

11) ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ 2060 പേർക്ക് കോവിഡ് ബാധിച്ചു. കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ എണ്ണം 24 ആണ്.

12) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകീകരിക്കുന്നതിനും പഞ്ചായത്ത് കമ്മറ്റികൾ ഓൺലൈനായി നിയമ പ്രകാരമുള്ള ഇടവേളകളിൽ സമ്മേളിച്ചിട്ടുണ്ട്.

## 1-24 ഓഡിറ്റ് ഇംപാക്റ്റ്

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി, ക്രമവൽക്കരണഫീസ് എന്നീ ഇനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുകയായ 2,052/-രൂപ ചുവടെ കൊടുത്തിരിക്കുന്ന രസീതുകൾ പ്രകാരം ഈടാക്കിയിരിക്കുന്നു .

1) ജീവനക്കാരുടെ തൊഴിൽ നികുതി (ഓഡിറ്റ് എൻക്വയറി.നം3/13.1.2022 പ്രകാരം ഈടാക്കി)

| ക്രമ നം. | സ്ഥാപനം | ഇടാക്കിയ ഫീസ് / രസീത് നം/തീയതി |
|---|---|---|
| 1 | എ.വി ക്ലാസ്സിക് ടൈൽ ഗ്രാനൈറ്റ്സ് | 180/- (121030102112/18.1.2022) |
| 2 | ബ്ലൂ &കോപ്പർ സൊല്യൂഷൻസ്(രണ്ടാം അർദ്ധവർഷം) | 120/- (121030102128/19.1.2022) |
| 3 | സർവോത്തം റോക്സ് (രണ്ടാം അർദ്ധവർഷം) | 180/- (121030102111/18.1.2022) |
| 4 | യുണൈറ്റഡ് മെറ്റൽസ് (ഒന്നും രണ്ടും അർദ്ധവർഷം) | 240/- (121030102113/18.1.2022) |
| 5 | ബേസിൽ ഫിലിപ്പ്, പ്രസന്ന ബേക്കറി | 1200/- (121030102152/21.1.2022) |

| | | |
|---|---|---|
| ആകെ | | 1920/- |

2) ക്രമവൽക്കരണ ഫീസ് (നേരിട്ടുള്ള അന്വേഷണത്തിലൂടെ ഈടാക്കി)

| ക്രമ നം | ഉടമസ്ഥന്റെ പേര് | തുക /രസീത് നം/തീയതി |
|---|---|---|
| 1 | വിജയൻ.കെ.കെ., കറുകശ്ശേരിൽ (പൌൾട്ടി ഫാം) | 132/- (121030102107/18.1.2022) |
| ആകെ | | 132/- |

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കെട്ടിടം ക്രമവൽക്കരിച്ച് വസ്തു നികുതി ഈടാക്കിയിട്ടില്ല

സഞ്ചയ വസ്തു നികുതി നിർണ്ണയ സ്റ്റേറ്റ്മെന്റിലെ ഫോം നം. 6 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാമധേനു ആയുർവേദ ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന് 2013-14 സാമ്പത്തിക വർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് 285 ച.മീ വിസ്തീർണ്ണത്തിനാണ്. കൂടാതെ ടി കെട്ടിടത്തിന് വസ്തു നികുതി ഈടാക്കിയിരിക്കുന്നത് 100ച.മീ. വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗക്രമ പ്രകാരമുള്ള 30/- രൂപ നിരക്കിലുമാണ്. 2019-20 സാമ്പത്തിക വർഷത്തിൽ 1.6.2019 തീയതിയിൽ സമർപ്പിച്ച അപേക്ഷാ നം. A3-1454/19 പ്രകാരമുള്ള എക്സ്റ്റെൻഷൻ പ്ലാനിൽ നിലവിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം 466.30 ച.മീ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ടി സ്ഥാപനത്തിന്റെ വിസ്തീർണ്ണം ക്രമവൽക്കരിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :-

| കെട്ടിട ഉടമ/ കെട്ടിട നം./സ്ഥാപനത്തിന്റെ പേര് / | വസ്തു നികുതി നിർണ്ണയിക്കേണ്ട കെട്ടിട വിസ്തീർണ്ണം (ച.മീ) | വസ്തു നികുതി നിർണ്ണയിച്ച കെട്ടിട വിസ്തീർണ്ണം (ച.മീ) /ഈടാക്കിയ വസ്തു നികുതി (ബാധകമായ ഇളവ്,വർദ്ധനവ്, ഗ്രന്ഥശാലാ വരി എന്നിവ കുറച്ച്) /രസീതു നം /തീയതി (ച.മീറ്ററിന് 30/-നിരക്കിൽ) | ഈടാക്കേണ്ട വസ്തു നികുതി (ബാധകമായ ഇളവ്, വർദ്ധനവ്, ഗ്രന്ഥശാലാ വരി എന്നിവ കുറച്ച്) / (ച.മീറ്ററിന് 50/- രൂപ നിരക്കിൽ) | വസ്തു നികുതി ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|
| ജെസ്സി ബേബി പാട്ടുപാലായിൽ, കരിമ്പന, 294/A/ കാമധേനു ആയുർവേദ ഫാർമസ്യൂട്ടിക്കൽസ് | 466.30 | 285ച.മീ , 7182/- (285 X 30) (119030100068/12.4.19) (വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗ ക്രമം ) | 19585/- (466.30 X 50) (വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗ ക്രമം ) | 12,403/- |
| ആകെ ഈടാക്കേണ്ടത് | | | | 12,403/- |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/20.1.2022) മറുപടി ലഭ്യമായിട്ടില്ല. മേൽ സ്ഥാപനത്തിൽ നിന്നും 2020-21സാമ്പത്തിക വർഷത്തിൽ വസ്തു നികുതി ഈടാക്കിയതിൽ കുറവു വന്ന തുകയായ 12,403/-രൂപ ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷികധനകാര്യപത്രിക പരിശോധിച്ചത് .

### 4-2 നിക്ഷേപ പ്രവൃത്തിയുടെ വിവരങ്ങൾ

ലഭ്യമാക്കിയിട്ടില്ല.

## 4-3 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | വർഷം | പ്രൊജക്ട് | നല്കിയ തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | നെൽകൃഷിക്ക് കൂലിചെലവ് | 34340 | 34340 | 0 |
| | | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 185650 | 185650 | 0 |
| | | ലൈഫ് ഭവനനിർമ്മാണം -പട്ടികജാതി | 520000 | 520000 | 0 |
| | | ലൈഫ് -സ്ഥലം വാങ്ങൽ | 800000 | 800000 | 0 |
| | | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 250000 | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 424434 | 424434 | 0 |
| | | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 69500 | 69500 | 0 |
| | | ലൈഫ് ഭവനനിർമ്മാണം -ജനറൽ | 500000 | 500000 | 0 |
| | | ലൈഫ് ഭവനനിർമ്മാണം -പട്ടികജാതി | 600000 | 600000 | 0 |
| | 2019-20 | ലൈഫ് ഭവനനിർമ്മാണം -ജനറൽ(സ്പിൽ ഓവർ ) | 580000 | 580000 | 0 |

2019-20 ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്തപ്രൊജക്ടുകൾക്ക് വേണ്ടി ലഭിച്ച 15,00,000 /- രൂപ Contributions For Other Specific Purposes From Block Panchayath എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിരുന്നത് .ഈ തുകയിൽ നിന്ന് 9,20,000 /- രൂപ 2019-20 ൽ വിനിയോഗിച്ചിട്ടുണ്ട് .

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി ഗുണഭോക്തൃസമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല .

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 37,40,000 /- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | വായ്പ തുക (തൻവർഷം ലഭിച്ചത്) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 37,40,000/- | 62,72,353/- | 7,47,020/- | 0 | 92,65,333/- |

37,40,000/- രൂപ വരവിന്റെ വിവരം താഴെ പറയുന്നു.

| ക്രമ നം. | തുക | രസീത് നം. , തീയതി |
|---|---|---|
| 1 | 8,80,000 /- | 120130900025 / 17.08.20 |
| 2 | 15,40,000 /- | 120130900033 / 22.09.20 |
| 3 | 13,20,000 /- | 120130900049 / 18.11.20 |
| ആകെ | 37,40,000 /- | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 12,600 /- രൂപയുടെ വിശദാംശങ്ങൾ താഴെ പറയുന്നു .

| ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം., തീയതി |
|---|---|---|---|---|
| 2016-17 | 2-1 | 1320 /- | മാനേജിംഗ് ഡയറക്ടർ , വൊഡാഫോൺ | 120030100503 / 14.07.20 |
| | 2(1)1 | 1320 /- | മാനേജിംഗ് ഡയറക്ടർ , വൊഡാഫോൺ | 120030100503 / 14.07.20 |
| 2017-18 | 2-3 | 9360 /- | സജീവ് മാത്യു | 120030100534 / 17.07.20 |

| | | | | |
|---|---|---|---|---|
| | 2-3 | 600 /- | മാനേജർ , കാരവൻ | 120030100509 / 14.07.20 |
| | | 12600 /- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | | |
| 1998-99 | | 2002-03 | കേട് ബാധിച്ച തെങ്ങ് വെട്ടിമാറ്റി പുതിയത് നടുന്നത് - അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി | 16.2.2016ൽ ജില്ലാതല മോണിറ്ററിങ്ങ് സമിതിയുടെ മിനിട്ട്സ് പ്രകാരം സാധൂകരണത്തിന് സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. സ.ഉ.(സാധാ) 196/2018 / പ്രകാരം സാധൂകരണം ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. |
| 2014-15 | 2.2 | 2017-18 | പാലക്കുഴ പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ 2013-14, 2014-15 വർഷങ്ങളിലെ വസ്തു നികുതി കുടിശിക (വയോ നെറ്റ് വർക്ക് പ്രൈവറ്റ് ലിമിറ്റഡ്, റിലയൻസ് കമ്മ്യൂണിക്കേഷൻസ്, പ്രൈവററ് ലിമിറ്റഡ്) | |
| 2015-16 | 2.5 | 2017-18 | പഞ്ചായത്ത് പരിധിയിലെ പ്രൊഫഷണലുകളുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,71,41,514 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,89,45,324 |
| വരവിനങ്ങളിലുള്ള നഷ്ടം | 12,403 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 42,900 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 12,403/- | ---- | ശ്രീ.ജോർജ് കെ.എം., സെക്രട്ടറി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 42,900/- | ശ്രീ.ജോർജ് കെ.എം., സെക്രട്ടറി. |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ .

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോർജ് കെ.എം. സെക്രട്ടറി. | വിരമിച്ചു | കൊല്ലാരമാലിൽ ഹൗസ്, വളയൻചിറങ്ങര വരിക്കാട്, പെരുമ്പാവൂർ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ (പി 2)92/98/17.8.1998 |
| 1997-98 | എൽ.എഫ്.ഇ (പി 2)896/2000/28.01.2000 |
| 1998-99 | എൽ.എഫ്.ഇ (പി 2)1629 /2001 /17.8.1998/19.3.2002 |
| 1999-00 | എൽ.എഫ്.ഇ (പി 2)242/03/16.06.2003 |
| 2000-01 | എൽ.എഫ്.ഇ (പി 2)1488/03/31.03.2004 |
| 2001-02, 2002-03, 2003-04, 2004-05 | എൽ.എഫ്.ഇ (പി 2)439/2005/03.08.2005 |
| 2005-06, 2006-07 | എൽ.എഫ്.ഇ പി1)1572/08/6.10.2009 |
| 2007-08, 2008-09, 2009-10, 2010-11 | എൽ.എഫ്.ഇ ((പി9)169/12/ 24.8.2012 |
| 2011-12 | എൽ.എഫ്.ഇ (പി9)1587/14/5.11.2014/11.12.2014 |
| 2012-13, 2013-14 | എൽ.എഫ്.ഇ (പി9)907/15/8.6.2015 |
| 2014-15 | കെഎസ്എ – ഇ കെ എം (പി9)1304/16/ 29.07.2016 |
| 2015-16 | കെ.എസ്എ – ഇ കെ എം (പി9)2228/16/ 30.01.2017 |
| 2016-17 | കെ.എസ്എ – ഇ കെ എം (പി9)1883/17/ 24.10.2017 |
| 2017-18 | കെ.എസ്എ – ഇ കെ എം (പി9)11/19/ 16.2.2019 |
| 2018-19 | കെഎസ്എ – ഇ കെ എം (പി9)1683/19/ 01.11.19 |
| 2019-20 | കെഎസ്എ – ഇ കെ എം (പി9)129/22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്